**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3993** **06-08-2021 - ൽ മറുപടിയ്ക്ക്**

**കലാകാരന്മാർക്കുള്ള ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സാംസ്കാരിക വകുപ്പ് മുഖേന കലാകാരന്മാർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിവരുന്നതെന്ന് വിശദമാക്കാമോ; ഇവ ഓരോന്നും ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; | (എ) | പ്രതിമാസ ധനസഹായം- സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റ് മുഖേന അവശരായ കലാകാരന്മാർക്കും സാഹിത്യകാരന്മാർക്കും പ്രതിമാസ ധനസഹായം/കലാകാരപെൻഷൻ അനുവദിച്ച് വരുന്നത് 11/08/2017ലെ സ.ഉ.(കൈ)21/2017/സാം.കാ.വ. സർക്കാർ ഉത്തരവിൻ പ്രകാരമുള്ള മാനദണ്ഡങ്ങളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിലാണ്. 50 വയസ്സ് പൂർത്തീകരിച്ചവരും വാർഷിക വരുമാനം ഒരു ലക്ഷത്തിൽ താഴെ ഉള്ളവരും ആയ അവശരായ എല്ലാ കലാകാരന്മാർക്കും കലാകാര പെൻഷന് വേണ്ടി അപേക്ഷിക്കാവുന്നതാണ്. വയസ്സ് തെളിയിക്കുന്ന രേഖ സാക്ഷ്യപ്പെടുത്തിയതും വില്ലേജ് ഓഫീസിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റും കലാകാരനെന്ന് തെളിയിക്കുന്നതിന് ബന്ധപ്പെട്ട അധികാരികൾ നൽകുന്ന സാക്ഷ്യപത്രവും ഇതോടൊപ്പം ഹാജരാക്കേണ്ടതുണ്ട്. ഇത്തരം അപേക്ഷകൾ ബന്ധപ്പെട്ട അക്കാദമികൾ സൂക്ഷ്മ പരിശോധന നടത്തി ശിപാർശ ചെയ്ത് റിപ്പോർട്ട് സാംസ്കാരിക വകുപ്പദ്ധ്യക്ഷന് നൽകുന്ന മുറയ്ക്ക് ആയതിൽ ന്യൂനതകൾ ഉള്ള അപേക്ഷകരെ മാറ്റി നിർത്തി സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യുകയും യോഗ്യതയുള്ള, അർഹരായ കലാകാരന്മാർക്ക് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പെൻഷൻ അനുവദിച്ച് തുടങ്ങുകയുമാണ് ചെയ്യുന്നത്. മറ്റ് സാമൂഹ്യ സുരക്ഷാ പെൻഷനുകളോ സർക്കാർ ഫണ്ടിൽ നിന്നുള്ള ക്ഷേമ പെൻഷനുകളോ കൈപ്പറ്റാത്ത ഗുണഭോക്താക്കൾക്കാണ് ഈ പ്രതിമാസ ധനസഹായം അനുവദിച്ച് വരുന്നത്. കലാകാരപെൻഷൻ മുടങ്ങാതെ തുടർന്നും ലഭിക്കുന്നതിന് കലാകാര പെൻഷൻ ഗുണഭോക്താക്കൾ ആറ് മാസത്തിലൊരിക്കൽ ലൈഫ് സർട്ടിഫിക്കറ്റും, മൂന്ന് വർഷത്തിലൊരിക്കൽ |

വരുമാന സർട്ടിഫിക്കറ്റും വകുപ്പിൽ ഹാജരാക്കേണ്ടതുണ്ട്. ചികിത്സാ സഹായം - സാംസ്കാരിക വകുപ്പ് മുഖേന, അവശരായ കലാകാരന്മാർക്കും സാഹിത്യകാരന്മാർക്കും ചികിത്സാ ധനസഹായം അനുവദിച്ച് വരുന്നത് 11/08/2017ലെ സ.ഉ.(കൈ)22/2017/സാം.കാ.വ. സർക്കാർ ഉത്തരവിൻ പ്രകാരമുള്ള മാനദണ്ഡങ്ങളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിലാണ്. 50 വയസ്സ് പൂർത്തീകരിക്കുകയും വാർഷിക വരുമാനം ഒരു ലക്ഷത്തിൽ താഴെ ഉള്ളവരും ആയ അവശരായ കലാകാരന്മാർക്ക് ചികിത്സാ സഹായത്തിനുവേണ്ടി അപേക്ഷിക്കാവുന്നതാണ്. ചികിത്സ സംബന്ധിച്ച രേഖകളും, മരുന്ന് വാങ്ങിയതിന്റെ ബില്ലും ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളും വയസ്സ് തെളിയിക്കുന്ന രേഖ സാക്ഷ്യപ്പെടുത്തിയതും വില്ലേജ് ഓഫീസിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റും കലാകാരനെന്ന് തെളിയിക്കുന്നതിന് ബന്ധപ്പെട്ട അധികാരികൾ നൽകുന്ന സാക്ഷ്യപത്രവും ഇതോടൊപ്പം ഹാജരാക്കേണ്ടതുണ്ട്. ഇതോടൊപ്പം കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധിയിൽ അംഗങ്ങളായ കലാകാരന്മാർക്ക് ചുവടെ കൊടുക്കുന്ന ആനുകൂല്യങ്ങൾ നൽകി വരുന്നു. പെൻഷൻ- കുറഞ്ഞത് 5 വർഷം തുടർച്ചയായി അംശദായം അടച്ച ഒരു അംഗത്തിന് 60 വയസ്സ് തികയുന്ന മുറയ്ക്ക് പെൻഷൻ അനുവദിക്കുന്നതാണ്. കുടുംബ പെൻഷൻ- കുറഞ്ഞത് 2 വർഷം അംശാദായം അടച്ച ഒരു അംഗമോ ക്ഷേമനിധി പദ്ധതിപ്രകാരം പെൻഷൻ ലഭിക്കുന്ന അംഗമോ മരണപ്പെട്ടാൽ അയാളുടെ കുടുംബത്തിന് കുടുംബ പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്. വിവാഹാനുകൂല്യം- കുറഞ്ഞത് ഒരു വർഷമെങ്കിലും ക്ഷേമനിധിയിലേക്ക് അംശദായം അടച്ച അംഗത്തിന്റെയോ, അംഗങ്ങളുടെ പ്രായപൂർത്തിയായ പെൺമക്കളുടെയോ വിവാഹ ആവശ്യത്തിനായി 25000/- രൂപ ധനസഹായമായി ലഭിക്കുന്നിന് അർഹത ഉണ്ടായിരിക്കുന്നതാണ്. മരണാനന്തര സഹായം- ഒരു അംഗത്തിന്റെ മരണാനന്തര ചെലവുകൾക്കായി 10000 രൂപ ക്ഷേമനിധിയിൽ നിന്നും ലഭിക്കുന്നതിന് അർഹത ഉണ്ടായിരിക്കുന്നതാണ്. ചികിത്സാ സഹായം- മൂന്ന് വർഷമെങ്കിലും സാംസ്കാരിക പ്രവർത്തക ക്ഷേമനിധിയിലേക്ക് തുടർച്ചയായി അംശദായം അടച്ച 'ചിസ്' ആരോഗ്യസുരക്ഷാ പദ്ധതിയിൽപ്പെടാത്ത അംഗങ്ങൾക്കും കുടുംബാംഗങ്ങൾക്കും ചികിത്സക്ക് അംഗത്വ

| | | | |
|---|---|---|---|
| | | | കാലാവധിയിൽ പരമാവധി 50,000 രൂപ ബോർഡിന്റെ അംഗീകാരത്തിന് വിധേയമായി ചികിത്സാ ധനസഹായം അനുവദിക്കാവുന്നതാണ്. ഹൃദ്രോഗം, ക്യാൻസർ, വൃക്ക സംബന്ധമായ അസുഖം, കരൾ രോഗം, ശ്വാസകോശ സംബന്ധമായ അസുഖം, തലച്ചോറിൽ രക്തസ്രാവവുമായി ബന്ധപ്പെട്ട അസുഖം അഥവാ സർക്കാർ കാലാകാലങ്ങളിൽ നിർദ്ദേശിക്കുന്ന മറ്റേതെങ്കിലും ഗുരുതരമായ മാരക രോഗങ്ങളാൽ കഷ്ടപ്പെടുന്ന അംഗങ്ങൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും വൈദ്യ ചികിത്സക്കുള്ള ചിലവുകൾ നേരിടുന്നതിനായി അംഗത്വ കാലാവധി പരിഗണിക്കാതെ പരമാവധി 1.5 ലക്ഷം രൂപ (ഒരു ലക്ഷത്തി അൻപതിനായിരം രൂപ) ബോർഡിന്റെ അംഗീകാരത്തോടെ നൽകാവുന്നതാണ്. അടിയന്തിര ഘട്ടങ്ങളിൽ ബോർഡ് ചെയർമാന്റെ അംഗീകാരത്തോടെ 25000 രൂപ ചികിത്സാ ധനസഹായമായി അനുവദിക്കാവുന്നതാണ്. |
| (ബി) | കലാകാര പെൻഷൻ ലഭിക്കുന്നതിന് കലാകാര ക്ഷേമനിധിയിൽ അംഗമായിരിക്കണമെന്ന നിബന്ധനയുണ്ടോ; | (ബി) | സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റ് മുഖേനയുള്ള കലാകാര പെൻഷൻ ലഭിക്കുന്നതിന് കലാകാര ക്ഷേമനിധിയിൽ അംഗമായിരിക്കണമെന്ന് നിബന്ധനയില്ല. ക്ഷേമനിധി അംഗത്വമുള്ളവർക്ക് മാത്രമേ ക്ഷേമനിധി മുഖേനയുള്ള പെൻഷൻ ലഭിക്കുന്നതിന് അർഹതയുള്ളു. |
| (സി) | ക്ഷേമനിധി അംഗത്വമെടുക്കാൻ സാധിക്കാതെ പോയവരും അവശരായവരും പ്രായാധിക്യത്താൽ പ്രയാസപ്പെടുന്നവരുമായ കലാകാരന്മാർക്ക് നിബന്ധനയിൽ ഇളവ് നൽകി പെൻഷൻ നൽകാൻ നടപടി സ്വീകരിക്കുമോ? | (സി) | സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റ് മുഖേനയുള്ള കലാകാര പെൻഷൻ ലഭിക്കുന്നതിന് കലാകാര ക്ഷേമനിധിയിൽ അംഗമായിരിക്കണമെന്ന് നിബന്ധനയില്ല. ക്ഷേമനിധി അംഗത്വമുള്ളവർക്ക് മാത്രമേ ക്ഷേമനിധി മുഖേനയുള്ള പെൻഷൻ ലഭിക്കുന്നതിന് അർഹതയുള്ളു. |

സെക്ഷൻ ഓഫീസർ